# ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : രാജേഷ് രവീന്ദ്രൻ ഐ.എഫ്.എസ്.

വിഷയം: വനം വകുപ്പ് - കോവിഡ് 19 മായി ബന്ധപ്പെട്ട നിയന്ത്രണങ്ങളുടെയും പൂർണ്ണ / ഭാഗിക അടച്ചിടൽ - ജോലി ക്രമീകരണം - സംബന്ധിച്ച്

സൂചന: സർക്കാരിന്റെ 23.03.2020 ലെ G.O.(MS) No.49/2020/GAD നമ്പർ ഉത്തരവ്

**<u>ഉത്തരവ് നമ്പർ ഇ6-1768/2020 തീയതി 24.03.2020</u>**

സംസ്ഥാനത്ത് നിലനിൽക്കുന്ന കോവിഡ് 19 മായി ബന്ധപ്പെട്ട കർശന നിയന്ത്രണങ്ങളുടെയും, പൂർണ്ണ / ഭാഗിക അടച്ചിടലും സംബന്ധിച്ച സൂചന ഉത്തരവിന്റെ പശ്ചാത്തലത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വനം വകുപ്പ് ആസ്ഥാനം, സർക്കിൾ / ജില്ലാതല ഓഫീസുകളിൽ അവശ്യം വേണ്ടുന്ന ജീവനക്കാരെ മാത്രം നിയോഗിക്കുവാനുള്ള ക്രമീകരണം ഓഫീസ് മേധാവികൾ ഏർപ്പെടുത്തേണ്ടതാണ്.
2. എല്ലാ ഫീൽഡ് ഉദ്യോഗസ്ഥരും ഓഫീസ് ജീവനക്കാരും ടെലിഫോൺ / മൊബൈൽ ഫോൺ വഴി എപ്പോഴും ലഭ്യമായിരിക്കേണ്ടതാണ്.
3. വനസംരക്ഷണ പ്രവർത്തനങ്ങളിൽ (കാട്ടുതീ പ്രതിരോധം, മനുഷ്യ-വന്യജീവി സംഘർഷം, നിയമം നടപ്പിലാക്കൽ) ഏർപ്പെട്ടിരിക്കുന്ന സംരക്ഷണവിഭാഗം ജീവനക്കാർ ജോലിയിൽ തുടരേണ്ടതാണ്.
4. വനത്തിനകത്ത് താമസിക്കുന്ന ആദിവാസികൾക്ക് കോവിഡ് 19 പ്രതിരോധവുമായി ബന്ധപ്പെട്ട് നൽകേണ്ട സേവനങ്ങൾ ലഭ്യമാക്കുവാൻ സംരക്ഷണ വിഭാഗം ജീവനക്കാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
5. സംരക്ഷണവിഭാഗം ജീവനക്കാരെ അതാത് സ്റ്റേഷൻ / റെയ്ഞ്ചിലെ ആവശ്യമനുസരിച്ച് ഡെപ്യൂട്ടി ആർ.എഫ്.ഒ. / ആർ.എഫ്.ഒ. ജോലിക്ക് നിയോഗിക്കേണ്ടതാണ്.
6. ജീവനക്കാർ തങ്ങളുടെ ആരോഗ്യം സംരക്ഷിക്കേണ്ട നടപടികൾ കർശനമായും സ്വീകരിക്കേണ്ടതാണ്. ഏതെങ്കിലും രീതിയിലുള്ള അസ്വാസ്ഥ്യം അനുഭവപ്പെടുന്നുണ്ടെങ്കിൽ മേലുദ്യോഗസ്ഥനെ വിവരം ധരിപ്പിച്ച് തുടർ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

7. ഒന്നിൽ കൂടുതൽ ജീവനക്കാർ ഒരുമിച്ച് ജോലിചെയ്യേണ്ട സാഹചര്യങ്ങളിൽ കോവിഡ് 19 പ്രതിരോധവുമായി ബന്ധപ്പെട്ട് നിർദ്ദേശിച്ചുള്ള വ്യക്തി ശുചിത്വവും അകലവും കർശനമായി പാലിക്കേണ്ടതാണ്.

അഡീഷണൽ പ്രിൻസിപ്പൽ
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)

പകർപ്പ്: വനം വകുപ്പിലെ എല്ലാ ഓഫീസുകൾക്കും

ADDL. PRINCIPAL CHIEF CONSERVATOR OF FORESTS (ADMINISTRATION) ★ FOREST HEAD QUARTERS THIRUVANANTHAPURAM 695 014